(ജി) ഉണ്ട്. പവർ ഫിനാൻസ് കോർപ്പറേഷൻ 125 കോടി രൂപ വായ്പയായി ലഭ്യമാക്കുന്നതിനുള്ള സന്നദ്ധതയും ആർ.ഇ.സി. ബോർഡിന് 2000-2001-ൽ 58 കോടി രൂപ നൽകുന്നതിനുള്ള സന്നദ്ധതയും പ്രകടിപ്പിച്ചിട്ടുണ്ട്.

(എച്ച്) ആർ.ഇ.സി. 5 വർഷ തിരിച്ചടവ് കാലാവധിയും 14 ശതമാനം പലിശനിരക്കിലുമാണ് വായ്പ നൽകുന്നത്. ഈ പദ്ധതിപ്രകാരം 2000-2001 സാമ്പത്തിക വർഷത്തിൽ ബോർഡിന് 58 കോടി രൂപ ആർ.ഇ.സി. യിൽനിന്നും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിന് 4 ശതമാനം പലിശ സബ്സിഡി ലഭിക്കുന്നതാണ്. പവർ ഫിനാൻസ് കോർപ്പറേഷൻ നൽകുന്ന വായ്പകളുടെ വ്യവസ്ഥകൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനം നൽകുന്ന വായ്പയ്ക്കും കേന്ദ്ര സർക്കാർ 4 ശതമാനം പലിശ സബ്സിഡി അനുവദിക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(ഐ) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം

9 (*39) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടണത്തിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം വിതരണത്തിനു മുമ്പായി മാലിന്യവും രോഗാണുക്കളും നീക്കം ചെയ്തു എന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ശുദ്ധീകരണ പ്രക്രിയകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പൈപ്പുവെള്ളം പലപ്പോഴും ചെളി കലങ്ങിയും ശുദ്ധമല്ലാതെയും കാണുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) കുടിവെള്ളം ശുദ്ധമായിരിക്കാൻ വേണ്ട ഏർപ്പാടുകൾ കർശനമാക്കാൻ നടപടിയെടുക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തിരുവനന്തപുരം പട്ടണത്തിൽ വെള്ളയമ്പലം പി.ടി.പി. നഗർ, അരുവിക്കര എന്നിവിടങ്ങളിൽ ജലശുദ്ധീകരണശാലകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ശുദ്ധീകരണശാലകളിൽ കരമനയാറ്റിൽ നിന്നും ശേഖരിക്കുന്ന വെള്ളത്തിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുവാനും ചെറിയ മാലിന്യങ്ങൾ ആലം, കുമ്മായം എന്നിവ ചേർത്ത് നീക്കം ചെയ്യുവാനും അതിനുശേഷം വിവിധ അളവിലുള്ള മണൽത്തട്ടുകൾ കൊണ്ട് നിർമ്മിച്ച ഫിൽട്ടറുകളിൽ കടത്തിവിട്ട് അരിച്ചെടുത്ത് വെള്ളത്തിൽ ക്ലോറിൻ കലർത്തി അണുവിമുക്തമാക്കുവാനും ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രക്രിയകൾക്കുശേഷം വിതരണം ചെയ്യുന്നതിനു മുമ്പായി ജലത്തിന്റെ ഗുണനിലവാരവും ജലത്തിൽ അവശേഷിക്കുന്ന ക്ലോറിന്റെ തോതും പരിശോധിക്കുന്നുണ്ട്. ഇവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ശുദ്ധീകരിക്കാത്ത (കരമനയാറ്റിൽ നിന്നും ശേഖരിക്കുന്ന) ജലത്തിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ജലത്തിൽ കലർന്നിരിക്കുന്ന ചെറിയ മാലിന്യങ്ങൾ നീക്കുവാനാവശ്യമായ ആലത്തിന്റേയും കുമ്മായത്തിന്റേയും അളവ് നിർണ്ണയിച്ചതിനുശേഷമാണ് ഇവ കൃത്യ അളവിൽ ജലത്തിൽ ചേർത്ത് മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. തിരുവനന്തപുരം നഗരത്തിലേയും സമീപ പഞ്ചായത്തുകളിലേയും ശുദ്ധജല വിതരണത്തിന്റെ ഗുണനിലവാരം നിയന്ത്രിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ചുമതല വഹിക്കുന്ന ഒരു ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം എല്ലാ ആഴ്ചകളിലും ആരോഗ്യവകുപ്പിന്റെ പരിധിയിൽ പ്പെടുന്ന പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലും പരിശോധിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം പട്ടണത്തിൽ വിതരണം ചെയ്യുന്ന പൈപ്പുവെള്ളം സാധാരണയായി വളരെ തെളിഞ്ഞതാണ്. എന്നാൽ ജലവിതരണ ശൃംഖലയിലെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളിൽ ചിലപ്പോൾ കലങ്ങിയ ജലം ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. തിരുവനന്തപുരത്തെ ജലവിതരണ ശൃംഖല വളരെ പഴകിയതാണ്. (ഏകദേശം 30 വർഷം) ഈ ജലവിതരണ ശൃംഖലയിൽ കൂടിയാണ് ഇപ്പോൾ ജലവിതരണം നടത്തുന്നത്. എല്ലാ ദിവസവും രാവിലെ ഏഴുമണി മുതൽ ഏകദേശം 10 മണിവരെ ഈ പഴയ ശൃംഖലകളിൽക്കൂടി, സാധാരണ ഉപയോഗിക്കുന്ന അളവിനേക്കാൾ മൂന്നോ നാലോ മടങ്ങ് ജലമാണ് ആവശ്യകത അനുസരിച്ച് ഒഴുകുന്നത്. അതിനാൽ ജലഉപയോഗം കുറവുള്ള സമയങ്ങളിൽ പൈപ്പിൽ അടിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ ജലത്തിന്റെ വേഗത കൂടുമ്പോൾ അതിനോടൊപ്പം ഒഴുകി താഴ്ന്ന സ്ഥലങ്ങളിൽ എത്തുന്നു. കൂടാതെ വീട് കണക്ഷന്റെ ഫെറൂൾ ലീക്കുകളിൽ കൂടിയും ചെളിയും മറ്റും പൈപ്പു വെള്ളത്തിൽ കലരാറുണ്ട്.

(സി) കുടിവെള്ളം ശുദ്ധമായിരിക്കാൻ വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള ജലവിതരണ ശൃംഖലയിലെ ലീക്കുകൾ മുൻഗണനാക്രമത്തിൽ തീർക്കുന്നതിനും വീട്ടുകണക്ഷനുകളിലുള്ള ഫെറൂൾ ലീക്കുകൾ നിൽക്കുന്നതിനും കർശന നടപടി സ്വീകരിക്കുന്നതാണ്. ജലശുദ്ധീകരണ പ്രക്രിയയും പരമാവധി കുറ്റമറ്റതാക്കുന്നതാണ്. തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള പഴയ ജലവിതരണ ശൃംഖല മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി ജല അതോറിറ്റി വിദേശ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly